₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 9
Issue 10

April 2021

pages 24

"ദാഹിച്ചിരിക്കുന്നേടത്ത് ഞാൻ വെള്ളവും വരണ്ട നിലത്ത് നീരൊഴുക്കുകളും പകരും; നിന്റെ സന്തതിമേൽ എന്റെ ആത്മാവി നെയും നിന്റെ സന്താനത്തിന്മേൽ എന്റെ അനുഗ്രഹത്തെയും പകരും"

**(യെശയ്യാവ് 44:3)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L L I F E V O I C E

**Volume 9 Issue 10 April 2021 pages 24 Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay ചെയ്യുകയോ, ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം.
**ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394

**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**

**Book No. 112**


## ഉള്ളടക്കം

പേജ്


- **ജീവൻ കാക്കുന്ന ചരടുകൾ** 3
- **പ്രതികരണങ്ങൾ** 6
- **തൃശ്ശൂരിലെ താരപ്പേട്ടൻ** (8) 7
- **ജോൺഹസ്സ്** 10
- **പുതിയനിയമത്തിലൂടെ....**(16) 13
- **പരിശുദ്ധാത്മാവ്** (35) 16
- **യോവേൽ** (21) 19
- **ഇമ്മാനുവിന്റെ സംശയങ്ങൾ** (33) 21
- **കുറ്റവാളികളെ പിടിക്കുന്ന...** 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ജീവൻ കാക്കുന്ന ചരടുകൾ... സ്ഥാനം മാറുന്ന ചരടുകൾ...

ചരടുകൾ കെട്ടിക്കൊണ്ട് ആപത്തുകളിൽനിന്നും മറ്റു ദോഷങ്ങളിൽനിന്നും രക്ഷ നേടാൻ ആഗ്രഹിക്കുന്ന ധാരാളം ആളുകൾ നമ്മുടെ നാട്ടിലുണ്ട്. അമ്പലത്തിലോ പള്ളിയിലോ പൂജിച്ച ചരടുകൾ ശരീരത്തിൽ കെട്ടിക്കൊണ്ട് സകല ശാപങ്ങളിൽനിന്നും ദോഷങ്ങളിൽനിന്നും അപകടങ്ങളിൽനിന്നും രക്ഷപ്പെടാൻ ആഗ്രഹിക്കുന്ന മനുഷ്യർ പലപ്പോഴും തങ്ങൾ നിസ്സഹായരാണ് എന്ന സത്യം അംഗീകരിക്കുകയാണ്. പണക്കാരും പ്രശസ്തരും ആയ ആളുകളും ഈ ചരടുവിശ്വാസം കൊണ്ടുനടക്കുന്നവരാണ്.

**ചരടുകൾ അരക്കെട്ടിൽ**

ഇരുപത്തെട്ട് എന്ന ചടങ്ങ് ഇവിടെ വളരെ പ്രസിദ്ധമാണ്. ഒരു കുഞ്ഞ് ജനിച്ച് 28-ാം ദിവസം അതിന്റെ അരയിൽ ചരട് കെട്ടുന്നതാണ് ഈ ചടങ്ങ്. ഈ ചരട് ആ കുഞ്ഞിനെ ദോഷകരമായ എല്ലാ കാര്യങ്ങളിൽനിന്നും രക്ഷിക്കും എന്നാണ് വിശ്വാസം. അരയിൽ കെട്ടുന്ന കറുത്ത ചരട് എല്ലാ ദുഷ്ടശക്തികളിൽനിന്നും രക്ഷിക്കുന്നത് എങ്ങനെയെന്ന് ആരും ചിന്തിക്കാറില്ല. ഇത്തരം അന്ധവിശ്വാസങ്ങൾ തങ്ങൾക്കില്ലെന്നു വെടി പറയുന്നവർ പോലും തങ്ങളുടെ മക്കളുടെ അരയിൽ ഇരുപത്തെട്ടാം ദിവസം കറുത്ത ചരട് കെട്ടാറുണ്ടത്രേ.

ഇങ്ങനെയൊരു അന്ധവിശ്വാസം ആരാണ് ആദ്യം തുടങ്ങിയത് എന്നറിഞ്ഞുകൂടാ. വലിച്ചാൽ പൊട്ടുന്ന ഒരു ചരടിന് എങ്ങനെ നമ്മുടെ ജീവൻ രക്ഷിക്കാനാകും എന്നോർത്ത് ആരും ഭാരപ്പെടുന്നില്ല. പഠിപ്പുള്ളവരും ഇക്കൂട്ടത്തിലുണ്ട് എന്നതാണ് ഖേദകരമായ കാര്യം. കറുത്ത ചരടിന്റെ സ്ഥാനത്ത് പിന്നീട് സ്വർണ്ണമോ വെള്ളിയോ അരഞ്ഞാണമായി വരുന്നു. അരഞ്ഞാണം അരയുടെ സൗന്ദര്യം കൂട്ടാനാണ് എന്നാണ് പലരും ധരിച്ചുവച്ചിരിക്കുന്നത്. എന്നാൽ അരഞ്ഞാണം (അന്ധ)വിശ്വാസത്തിന്റെ ഭാഗമാണ് എന്നതാണ് വാസ്തവം. അല്ലെങ്കിൽത്തന്നെ വസ്ത്രം ധരിക്കുന്നവർക്ക് അരഞ്ഞാണം ധരിച്ച് അരഭാഗത്തിന്റെ ഭംഗി കൂട്ടേണ്ടതില്ലല്ലോ.

ഹിന്ദുസുഹൃത്തുക്കളുടെ പ്രിയപ്പെട്ട ഉണ്ണിക്കണ്ണന്റെ ചിത്രം നോക്കിയാൽ കുഞ്ഞികൃഷ്ണൻ അരഞ്ഞാണം ധരിച്ചാണ് നിൽക്കുന്നത്. തങ്ങളുടെ ദോഷങ്ങളിൽനിന്നും തങ്ങളെ ഭഗവാൻ കൃഷ്ണൻ രക്ഷിക്കും എന്നും വിശ്വസിക്കുന്നവർ, അതേ കൃഷ്ണനെ വരച്ചപ്പോൾ അദ്ദേഹത്തിന് അരഞ്ഞാണം കെട്ടിക്കൊടുത്തത് എന്തിന് എന്നു എനിക്ക് സംശയം തോന്നാറുണ്ട്. നമ്മെ രക്ഷിക്കാൻ വന്നയാളെ അരഞ്ഞാണം കെട്ടിക്കൊടുത്ത് ദുഷ്ടശക്തികളിൽനിന്നും രക്ഷിക്കാൻ നാം പരിശ്രമിക്കേണ്ടതില്ലല്ലോ.

**ചരടുകൾ കഴുത്തിൽ**

അരയിലെ ചരടുകളുടെ സ്ഥാനം മാറുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. ഏലസ്സോ തകിടോ മറ്റോ ചരടിൽ കോർത്തുകൊണ്ട് ആ ചരട് കഴുത്തിൽ അണിയുവാൻ ആളുകൾ തുടങ്ങി. ചരടും ഏലസ്സും തങ്ങളെ രക്ഷിക്കും എന്നു ആളുകൾ വിശ്വസിച്ചു. ഏലസ്സ് വിൽക്കുന്നവർ അങ്ങനെ ആളുകളെ പറഞ്ഞു വിശ്വസിപ്പിച്ചു. മണ്ടന്മാർക്കു പഞ്ഞമില്ലാത്ത നാട്ടിൽ ഈ 'പരിപ്പ്' നന്നായി വെന്തു.

**ചരടുകൾ കൈത്തണ്ടയിൽ**

ചരടുകൾ ഇപ്പോൾ കയ്യിന്മേലായി. കറുപ്പ്, ചുവപ്പ് എന്നീ നിറങ്ങളിലുള്ള ചരടുകൾ ഒന്നിലധികം കയ്യിൽ കെട്ടിയിരിക്കുന്നു. പല സ്ഥലത്ത് പൂജിച്ച ചരടുകളാണ്. പല പ്രതിഷ്ഠകളുടെയും ദേവന്മാരുടെയും പേരിൽ പൂജിച്ച ഈ ചരടുകൾ കയ്യിന്മേൽ കെട്ടിയാൽ സകല ദോഷങ്ങളിൽനിന്നും വിടുതൽ ലഭിക്കും എന്നു ഇവർ വിശ്വസിക്കുന്നു. ചരട് കെട്ടി ശാപദോഷങ്ങള കറ്റി നിർത്തുവാൻ നോക്കുന്നവരിൽ ജാതിയോ മതമോ ഒന്നും ഇക്കാലത്ത് കണ്ടുവരുന്നില്ല.

ചരടുകൾ കെട്ടി ദോഷങ്ങളിൽനിന്നും രക്ഷപ്പെടാൻ നോക്കുന്നവരുടെ കൂട്ടത്തിൽ ക്രിസ്ത്യാനികളുമുണ്ട്. കാൽവരിയിലെ കുരിശിൽ ചോര ചിന്തി മരിച്ച കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നു അവകാശപ്പെടുകയും അതേസമയം ദോഷങ്ങളിൽനിന്നും രക്ഷപ്പെടാനായി ചരടുകളിൽ ആശ്രയിക്കുകയും ചെയ്യുന്നതിന്റെ ഭോഷത്വം മനസ്സിലാക്കാൻ അവർക്കു കഴിയുന്നില്ല!

**ചരടുകൾ കണങ്കാലിൽ**

അരയും കഴുത്തും കയ്യും കഴിഞ്ഞ് ചരടുകൾ കണങ്കാലിൽ കെട്ടുന്ന പതിവ് തുടങ്ങി. ചിലർ ചരടിനു പകരം കട്ടിയുള്ള നൂലാണ് കെട്ടുന്നത്. ചിലർ രണ്ടു കാലിന്മേലും കെട്ടും. ഈ നൂലുകൾ തങ്ങളുടെ കാലിൽ ഉള്ളിടത്തോളം കാലം തങ്ങളുടെ ജീവന് യാതൊരു ആപത്തും സംഭവിക്കുക

യില്ല എന്നു ഇവർ വിശ്വസിക്കുന്നു. കാരണം ഇവ വെറും ചരടുകളല്ല. ഇഷ്ടപ്പെട്ട മൂർത്തിയോട്/വിശുദ്ധനോട് പ്രാർത്ഥിച്ച് ശക്തി ആവാഹിക്കപ്പെട്ടിട്ടുള്ള നൂലുകളാണ്. അപ്പോൾ എനിക്കൊരു സംശയം: നൂലിൽ ശക്തി സംഭരിക്കാമെങ്കിൽ, നേരിട്ട് നമ്മുടെ ശരീരത്തിലേക്ക് ഈ ശക്തി സംഭരിച്ചുകൂടെ? അങ്ങനെയായിരുന്നുവെങ്കിൽ ഈ നൂലും ചരടും ഒഴിവാക്കാമായിരുന്നു.

**നേരിട്ട് ശരീരത്തിലേക്ക്**

അദൃശ്യശക്തിയെ കണ്ണിൽക്കണ്ട നൂലിലും ചരടിലും ഒന്നും കൊണ്ടുവരാതെ നേരിട്ട് ശരീരത്തിലേക്ക് കൊണ്ടുവരുന്നതിനെപ്പറ്റി ദൈവവചനമായ ബൈബിൾ പറയുന്നുണ്ട്. "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം" എന്നു 1 കൊരിന്ത്യർ 6:19 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ജീവനുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ചരടിലേക്കോ നൂലിലേക്കോ അല്ല, സ്വന്തം ശരീരത്തിലേക്ക് സ്വീകരിച്ച ആളുകളുണ്ട്. അവരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ.

കാൽവരിയിലെ കുരിശിൽ മാനവകുലത്തിന്റെ പാപങ്ങളെ സ്വന്തശരീരത്തിൽ ചുമന്ന് കിടന്ന് മരണം വരിച്ച കർത്താവായ യേശുക്രിസ്തുവിനെ സ്വന്തം രക്ഷകനും കർത്താവുമായി ഒരാൾ അംഗീകരിക്കുമ്പോൾ അയാളുടെ ഉള്ളിലേക്ക് സർവ്വശക്തനായ ദൈവം വരുന്നു. ആ ശരീരത്തെ ദൈവാലയമായി മാറ്റുന്നു – ജീവനുള്ള ദൈവത്തിന്റെ ആലയം! അഭിമാനത്തോടുകൂടി അപ്പൊസ്തലനായ പൗലൊസ് എഴുതിയിരിക്കുന്നത് നോക്കൂ: "നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ." (2 കൊരിന്ത്യർ 7:16).

ജീവനുള്ള ദൈവത്തിന്റെ ആലയമായി സ്വയം മാറാനുള്ള സുവർണ്ണാവസരം മുന്നിൽ ഉള്ളപ്പോൾ കേവലം ചരടുകളും നൂലുകളും കെട്ടി ജീവിതത്തെ സുരക്ഷിതമാക്കാൻ ശ്രമിക്കുന്നവരെ നാം എന്തു വിളിക്കണം? ശാസ്ത്രപുസ്തകങ്ങളിലോ ഏതെങ്കിലും മതഗ്രന്ഥങ്ങളിലോ കാണാത്ത ഏതു വിശ്വാസത്തെയും അന്ധവിശ്വാസം എന്നു നമുക്കു ധൈര്യമായി വിളിക്കാം. നൂലും ചരടും രക്ഷിക്കുമെന്നുള്ള വിശ്വാസം ഏതു പുസ്തകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്? അങ്ങനെ കാണിക്കാൻ കഴിയുന്നില്ലെങ്കിൽ അതു അന്ധവിശ്വാസമല്ലാതെ മറ്റെന്താണ്?

നല്ല തക്കാളി തികച്ചും ഫ്രീ ആയി കിട്ടാനുള്ളപ്പോൾ അത് സ്വീകരിക്കാതെ ചീഞ്ഞ തക്കാളി പെറുക്കിക്കൂട്ടുന്നവനെപ്പറ്റി നാമെന്താണ് പറയേണ്ടത്? ശരിയായ വിശ്വാസങ്ങളെ സ്വീകരിക്കാതെ അന്ധവിശ്വാസങ്ങളുടെ പുറകെ പോകുന്നവരെപ്പറ്റിയും നമുക്ക് അതു തന്നെ പറയാം. ചരടുകളും നൂലുകളും കേട്ടി സ്വയം വിഡ്ഢിവേഷം കെട്ടാതെ ബുദ്ധിയോടെ ആളുകൾ പെരുമാറട്ടെ എന്നു ആഗ്രഹിക്കുന്നു.

**എംവിഎസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം ഫോൺ: 95 44 557 557**

## Sebastian Neduveli, Pachalam, Kochi

റിയൽ ലൈഫ് വോയ്സ് മാസിക കടം വാങ്ങി വായിക്കുന്ന വ്യക്തിയാണ് ഞാൻ. ചെറിയൊരു പ്രസിദ്ധീകരണം ആണെങ്കിലും അതിലെ ലേഖനങ്ങൾ ഞാൻ ഇഷ്ടപ്പെടുന്നു. അതുകൊണ്ട് മാസിക തുടർച്ചയായി വായിക്കണമെന്നു എനിക്കു ആഗ്രഹമുണ്ട്. വരിസംഖ്യ ഇതോടൊപ്പം അയയ്ക്കുന്നു. മാസിക എല്ലാ മാസവും അയച്ചുതരുമല്ലോ.

## Naishan M C, Kurichikkara, Thrissur

മാസിക കിട്ടുന്നുണ്ട്. വളരെ നന്ദി. ലേഖനങ്ങൾ എല്ലാം വളരെ ആകർഷകങ്ങളാണ്. വളരെ ചിന്തിക്കാനും ഉണ്ട്. വായിക്കുന്ന എല്ലാവർക്കും പ്രയോജനം ഉണ്ടാകും. ഇതിനു പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവരെയും സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ.

## Ponnamma John, Vettukad, Thrissur

മാർച്ച് മാസത്തിലെ 'ഭരണാധികാരികളുടെ ധൂർത്തുകൾ' എന്ന എഡിറ്റോറിയൽ വളരെ നന്നായിരുന്നു. അതിൽ പറഞ്ഞ ഓരോ പോയിന്റും ശരിയാണ്. പുതുതായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഈ എഡിറ്റോറിയൽ അയച്ചുകൊടുത്താൽ വളരെ നന്നായിരിക്കും. അവരൊന്നും നന്നാകാൻ പോകുന്നില്ലെങ്കിലും, ഈ വക ധൂർത്തുകൾ ചെയ്യുമ്പോൾ അല്പം മനസാക്ഷിക്കുത്തെങ്കിലും അവർക്കുണ്ടാകും.

**ലേഖനങ്ങളെക്കുറിച്ചുള്ള മാന്യവായനക്കാരുടെ അഭിപ്രായങ്ങൾ എഴുതി അറിയിക്കുക. ഞങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട വായനക്കാരുടെ മനസ്സിലിരുപ്പ് അങ്ങനെ ഞങ്ങളറിയട്ടെ. വിമർശനമായാലും തുറന്നെഴുതാം. വലിയ പ്രാധാന്യത്തോടെയാണ് നിങ്ങളുടെ ഓരോ പ്രതികരണത്തെയും ഞങ്ങൾ കാണുന്നത്. (എഡിറ്റർ)**

# തൃശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ

8

**-എംവിഎസ്-**

**സി.വി.താരപ്പൻ (1886–1958): 'കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ' എന്ന ഗാനമുൾപ്പെടെ 300-ഓളം ഗാനങ്ങൾ എഴുതിയ ഭക്തകവി; മലയാളത്തിലെ ആദ്യത്തെ സഭാചരിത്രം എഴുതിയ വ്യക്തി (1926); വെളിപ്പാടുപുസ്തകവ്യാഖ്യാനമുൾപ്പെടെ 17 പുസ്തകങ്ങൾ രചിച്ച എഴുത്തുകാരൻ; മഹാകവി കെ. വി. സൈമണുമായി സജീവ സൗഹൃദം; മികച്ച അപ്പോളജിസ്റ്റ്...**

### നെഞ്ചകം പിളരുന്നു

1916 ൽ തന്റെ മുപ്പതാം വയസ്സിൽ സ്നാനമേറ്റ താരപ്പൻസഹോദരൻ പിന്നീട് അങ്ങോട്ട് ക്രിസ്തുവിന്റെ വിശ്വസ്തഭടനായി മുന്നേറി. അന്ന് താരപ്പേട്ടനോടൊപ്പം സ്നാനമേറ്റ മറ്റു മൂന്നു പേരുണ്ടായിരുന്നു എന്ന് നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. കുരിയൻ, തെക്കേക്കര ചാക്കുണ്ണി, തെക്കേക്കര ചെരിയാക്കു എന്നിവരാണ് അവർ. താരപ്പനോടൊപ്പം യാക്കോബായസഭയുടെ ചങ്ങല അറുത്തുകളഞ്ഞ്, ക്രിസ്തുവിന്റെ സൈന്യത്തിൽ ചേർന്ന ധീരപോരാളികൾ!

സുവിശേഷത്തിന്റെ വയലിലും ദുരുപദേശങ്ങളുടെ പോരാട്ടഭൂമിയിലും അവർ ഒരുമിച്ചുനിന്നു മുന്നേറി. സുവിഷം പങ്കുവയ്ക്കുമ്പോൾ ദൈവവചനം അവർക്ക് വിത്ത് ആയിരുന്നുവെങ്കിൽ, ദുരുപദേശങ്ങളുടെ നേരെ അതേ ദൈവവചനം അവർക്ക് വാൾ ആയിരുന്നു. പക്ഷേ അത് അധികകാലം നീണ്ടുനിന്നില്ല. ശത്രുവിന്റെ കോട്ടകളിൽ വിള്ളൽ ഏല്പിച്ചു മുന്നേറിയിരുന്ന ആ സഹോദരസഖ്യത്തിൽ തന്ത്രശാലിയായ സാത്താൻ വിള്ളൽ വീഴ്ത്തി. അവർ വേർപിരിഞ്ഞു, പിളർന്നു – നെഞ്ചകം പിളരുന്നതുപോലെ!

### താരപ്പന്റെ പലായനം

പലായനം എന്നുവച്ചാൽ ഓടിപ്പോക്ക് എന്നു തന്നെയാണ് അർത്ഥം. സഭയിലുണ്ടായ ഭിന്നത നിമിത്തം മനസ്സു വിഷമിച്ച് സി. വി. താരപ്പൻ എന്ന പോരാളി പെഞ്ഞാമുക്കിൽനിന്നും പലായനം ചെയ്തു. സഹോദരസ്നേഹത്തിൽ വിള്ളൽ വീഴുമ്പോൾ, അതിന്റെ നൊമ്പരം എത്രയെന്ന് ആ അവസ്ഥയിലൂടെ ഒരിക്കലെങ്കിലും കടന്നുപോയിട്ടുള്ളവർക്ക് നന്നായി അറിയാം.

താരപ്പന്റെ പലായനത്തിന് വഴിതെളിച്ച ഭിന്നതയെപ്പറ്റി, ഡോ. കെ. വി. സൈമൺ, പോർക്കുളം അദ്ദേഹത്തിന്റെ A Study of Mr. C. V. Tharappan's Contributions to the Revival in Trichur Area in 1910... എന്ന പ്രബന്ധത്തിൽ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്:

> കിംവദന്തികളും ഗോസിപ്പുകളും അവർക്കിടയിൽ ഉണ്ടാകാൻ തുടങ്ങി. എല്ലാവരും പരസ്പരം വ്യത്യസ്തമായ കണ്ണുകളോടെ നോക്കാൻ തുടങ്ങി – ലീഡറായ സി. വി. താരപ്പനെപ്പോലും! സഹോദരസ്നേഹം നഷ്ടപ്പെട്ടു. പല അഭ്യൂഹങ്ങളും സഭയെ അസ്വസ്ഥമാക്കാൻ തുടങ്ങി. മുറിവേറ്റ ആളുകൾ പലരും സഭ വിട്ടുപോകാൻ തുടങ്ങി. ഒരിക്കൽ സഭയിലെ മറ്റു അംഗങ്ങൾ നേതാവായ താരപ്പനെപ്പോലും ചോദ്യം ചെയ്തു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അത് സഹിക്കാൻ കഴിയാത്ത കാര്യമായിരുന്നു. സ്വന്തസ്ഥലത്തുനിന്നു പതിനാറ് മൈൽ അകലെയുള്ള വടക്കാഞ്ചേരിയിലേക്ക് അദ്ദേഹം പോയി. പക്ഷേ ചില വിശ്വാസികൾ അദ്ദേഹത്തെ തിരികെ കൊണ്ടുവന്നു. ഈ സമയത്ത് സഭ ഭിന്നിച്ചു. കുറച്ചുപേർ താരപ്പനെ നേതാവായി അംഗീകരിച്ചു. ബാക്കിയുള്ളവർ തെക്കേക്കര ചാക്കുണ്ണിയുടെ കീഴിലായിരുന്നു.

ഒരുമിച്ച് ഒരു ദിവസം സ്നാനപ്പെട്ട സി. വി. താരപ്പനും തെക്കേക്കര ചാക്കുണ്ണിയും അങ്ങനെ ചില നാളുകൾക്കുശേഷം വേർപിരിഞ്ഞു. ഒപ്പം വിശ്വാസികളും രണ്ടു ചേരിയിലായി.

### പിളർപ്പിന്റെ കാരണം

യാക്കോബായസഭയുടെ പാരമ്പര്യത്തിന്റെ കട്ടിയുള്ള പുറന്തോട് പൊട്ടിച്ച് പുറത്തുവന്ന താരപ്പനും ചാക്കുണ്ണിയും ഏറ്റവും ഫലകരമായ നിലയിൽ സുവിശേഷപ്രവർത്തനം നടത്തുകയും ധാരാളം സഭാകൂടിവരവുകൾ ഉണ്ടാവുകയും ചെയ്തു. പക്ഷേ നിർഭാഗ്യവശാൽ ആ കൂട്ടുകെട്ട് പൊളിഞ്ഞു; അവർ വേർപിരിഞ്ഞു. എന്തിന്? എന്തായിരുന്നു കാരണം? ഈ ചോദ്യവുമായി ഞാൻ നിരവധി പേരെ സമീപിച്ചു. കൃത്യമായ മറുപടി ആരിൽനിന്നും ലഭിച്ചില്ല.

ഒരാൾ പറഞ്ഞ് ഇപ്രകാരമായിരുന്നു: “നിസ്സാരമായ കാരണങ്ങളായിരുന്നു എന്നാണ് ഞാൻ പറഞ്ഞുകേട്ടിട്ടുള്ളത്. ഫോട്ടോ, ചിത്രങ്ങൾ എന്നിവ ചുമരിൽ വയ്ക്കരുത്, ശിശുസ്നാനം, ആണ്ട് എന്നിവയുടെ ഭാഗമായി നടത്തപ്പെടുന്ന സദ്യ കഴിക്കരുത്, കോടതിയിൽ പോകരുത് എന്നിങ്ങനെയുള്ളതായിരുന്നു കാരണങ്ങൾ. താരപ്പേട്ടൻ ഈ വക കാര്യങ്ങളിലെല്ലാം വളരെ കണിശക്കാരനായിരുന്നു.”

മറ്റൊരാൾ പറഞ്ഞത് ഇങ്ങനെ: “ഇതു സംബന്ധിച്ച് കേട്ടുകേൾവി മാത്രമാണ് എനിക്കുള്ളത്. ഇത് ശരിയാണോ എന്നു ഉറപ്പുമില്ല. താരപ്പേട്ടൻ വിവാഹജീവിതത്തെക്കുറിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടാണ് ആദ്യനാളുകളിൽ വച്ചുപുലർത്തിയിരുന്നത്. വിവാഹിതരായവർ അവർക്കു ഒരു കുഞ്ഞു ജനിച്ചശേഷം വീട്ടിൽ ദൂതന്മാരെപ്പോലെ കഴിയണമെന്നു അദ്ദേഹം ഉപദേശിച്ചുവത്രേ. ഭാര്യാഭർത്തൃജീവിതം ഒരു കുഞ്ഞു ജനിക്കുന്നതുവരെ മാത്രം മതി എന്ന് അദ്ദേഹം പറഞ്ഞുവത്രേ. താരപ്പേട്ടൻ പറഞ്ഞത് കൃത്യമായി പാലിക്കുന്നു എന്ന് അവകാശപ്പെട്ട ഒരു സഹോദരി, ചില നാളുകൾക്കുള്ളിൽ ഗർഭിണിയാവുകയും, നാണക്കേടു നിമിത്തം ആത്മഹത്യ ചെയ്യുകയും ചെയ്തു. ഇതിനെത്തുടർന്ന് വലിയ ഒച്ചപ്പാടും ബഹളവും സഭയിലും സമൂഹത്തിലും ഉണ്ടായി. പലയിടങ്ങിലായി രൂപംകൊണ്ടിരുന്ന സഭകൾ പിളർന്നു. വലിയൊരു ഭാഗം വിശ്വാസികൾ തെക്കേക്കര ചാക്കുണ്ണ്യേട്ടന്റെ ഒപ്പം നിലനിന്നു. ഇങ്ങനെയാണ് ഞാൻ കേട്ടിട്ടുള്ളത്.”

ആരിൽനിന്നെങ്കിലും ആധികാരികമായ നിലയിൽ വിവരം കിട്ടുമോ എന്നു അറിയാൻ ഞാൻ അന്വേഷണം തുടർന്നു. താരപ്പൻസഹോദരന്റെ ഒപ്പം അവസാനം വരെ ഉറച്ചുനിന്ന വ്യക്തിയാണ് ശ്രീ. കെ. ഒ. ചേറു. അദ്ദേഹത്തിന്റെ മകളും ഇപ്പോൾ 82 വയസ്സുള്ളതുമായ ഇറ്റ്യാനംടീച്ചറോട് (കുഞ്ഞുമോൾ) ഇക്കാര്യം ചോദിച്ചു. ടീച്ചർ പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു: “അതൊക്കെ എന്റെ ജനനത്തിനു മുമ്പ് സംഭവിച്ച കാര്യങ്ങളാണ്. എനിക്ക് അതേപ്പറ്റി ഒന്നുമറിയില്ല.”

ടീച്ചർ പറഞ്ഞ കണക്കുവച്ചു നോക്കുമ്പോൾ, താരപ്പേട്ടനും കൂട്ടരും സ്നാനമേറ്റ് മുന്നോട്ടു വന്ന് അധികം കൊല്ലങ്ങൾ കഴിയുന്നതിനുമുമ്പ് പിളർപ്പ് സംഭവിച്ചിട്ടുണ്ട്. വിശ്വാസികൾ ഭൂരിഭാഗവും തെക്കേക്കരചാക്കുണ്ണി സഹോദരനോടൊപ്പമായിരുന്നു. മനം തകർന്ന്, താരപ്പൻസഹോദരൻ പെഞ്ഞാമുക്കിൽനിന്നും പലായനം ചെയ്തു. വടക്കാഞ്ചേരിയിൽ അദ്ദേഹം എത്ര നാൾ കഴിഞ്ഞു, എവിടെ കഴിഞ്ഞു, അദ്ദേഹം എന്തു ചെയ്യുകയായിരുന്നു ഇത്യാദി ചോദ്യങ്ങൾക്കൊന്നും കൃത്യമായ ഉത്തരം കൈവശമുള്ളവർ ആരും ഇന്നു ജീവിച്ചിരിപ്പില്ല. താരപ്പേട്ടനോടൊപ്പം ജീവിച്ചിരുന്ന ആളുകളുടെ മക്കളാണ് ഇന്ന് ഉള്ളത്. അവരും വൃദ്ധരായിരിക്കുന്നു. അവരിൽനിന്നും കിട്ടുന്ന വിവരങ്ങൾ മാത്രമാണ് നമുക്കുള്ളത്.

എന്തായിരുന്നു വാസ്തവത്തിൽ സംഭവിച്ചത് എന്നതിൽ അവ്യക്തത ഉണ്ട്. എന്നാൽ സഭകൾ പിളർന്നു എന്നതിലും ഭൂരിഭാഗം പേരും ചാക്കുണ്ണിസഹോദരന്റെ കൂടെയായിരുന്നു എന്നതിലും തർക്കമില്ല. വടക്കാഞ്ചേരിയിൽനിന്നും താരപ്പൻസഹോദരനെ ചിലർ ചെന്നു കൂട്ടിക്കൊണ്ടുവന്നു. താരപ്പൻ വീണ്ടും പോർക്കളത്തിൽ വചനവുമായി ഇറങ്ങി. **(തുടരും)**

# ജോൺ ഹസ്സ് (1369-1415)

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

“നിങ്ങളോട് ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തു കൊൾവിൻ; അവരുടെ ജീവാവസാനം ഓർത്തു അവരുടെ വിശ്വാസം അനുകരിപ്പിൻ” (എബ്രായർ 13:7). ബൈബിളിന്റെ എഴുത്തുകാരും പിൽക്കാലത്ത് ഇവർ എഴുതിയ ദൈവവചനം അനുസരിക്കുകയും പഠിപ്പിക്കുകയും ചെയ്തവരും ക്രിസ്തീയവിശ്വാസികളെ സംബന്ധിച്ചിടത്തോളം സ്മരണാർഹരും അനുകരണാർഹരും ആണെന്നാണ് എബ്രായലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഈ കാര്യം നാം പരിഗണിക്കുമ്പോൾ 15-16 നൂറ്റാണ്ടുകളിൽ നടന്ന സഭാനവീകരണത്തിന്റെ ശില്പികളിൽ ഒരാളായിരുന്ന ബൊഹീമിയായിലെ ജോൺഹസ്സിനെ നാം തീർച്ചയായും ഓർക്കേണ്ടതാണ്.

**ജനനം ഒരു ദരിദ്ര കർഷകകുടുംബത്തിൽ**

യൂറോപ്പിൽ ജർമ്മനിയുടെ കിഴക്ക് ഭാഗത്ത് പോളണ്ടിനും ആസ്ട്രിയയ്ക്കും ഇടയ്ക്ക് സ്ഥിതി ചെയ്യുന്ന ചെക്ക് റിപ്പബ്ലിക്കിന്റെ (ചെക്കോസ്ലോവാക്യ) തെക്കു ഭാഗത്ത് സ്ഥിതി ചെയ്യുന്ന ബൊഹീമിയായിലാണ് (Bohemia) 1369 ൽ ജോൺഹസ്സ് ജനിച്ചത്. ഒരു ദരിദ്ര കർഷകകുടുംബത്തിൽ ജനിച്ച ഇദ്ദേഹം സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പ്രാഗിലെ ചാൾസ് സർവകലാശാലയിൽ ചേർന്ന് പഠനം തുടർന്നു. ബാച്ചിലർ ബിരുദവും മാസ്റ്റർ ബിരുദവും ഡോക്ടർബിരുദവും നേടിയശേഷം 1401 ൽ അദ്ദേഹം ഒരു പട്ടക്കാരനായിത്തീർന്നു. പ്രാഗിലെ സുപ്രസിദ്ധമായ ബേത്ളെഹെം ചാപ്പലിൽ അദ്ദേഹം പ്രസംഗിക്കാൻ ആരംഭിച്ചു.

**ജോൺ വിക്ലിഫിന്റെ ആശയങ്ങളുടെ സ്വാധീനം**

ഇംഗ്ലണ്ടിലെ ഓക്സ്ഫഡ് യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപകനായിരുന്ന ജോൺ വിക്ലിഫിന്റെ പുസ്തകങ്ങളും ലഘുലേഖകളും ബൊഹീമിയായിൽ എത്തിയിരുന്നതിനാൽ അവ വായിച്ചു പരിശോധിക്കാൻ ജോൺഹസ്സിനു അവസരം കിട്ടി. അങ്ങനെ പുതിയൊരു വെളിച്ചം കണ്ടെത്തിയ അനുഭവം അദ്ദേഹത്തിനുണ്ടായി. അദ്ദേഹം ബൈബിൾ ആഴമായി പരിശോധിക്കാനും പഠിക്കാനും തുടങ്ങി. “ദൈവവചനത്തിലുള്ള അറിവ് കർത്താവ് എനിക്കു തന്നപ്പോൾ അബദ്ധധാരണകളും ഭോഷത്വങ്ങളും എന്റെ മനസ്സിൽനിന്നും പുറത്തുപോയി” എന്നാണ് തനിക്കുണ്ടായ അനുഭവത്തെക്കുറിച്ച് അദ്ദേഹം പിന്നീട് പറഞ്ഞത്.

ജോൺ വിക്ലിഫിന്റെ ആശയങ്ങൾ സത്യമാണെന്നു ബോധ്യപ്പെട്ട ഹസ്സ് തന്റെ പ്രസംഗങ്ങളിലൂടെ അനേകം ആളുകളെ ദൈവവചനത്തിലെ അടിസ്ഥാനസത്യങ്ങളെ പഠിപ്പിച്ചു. അന്നത്തെ ഔദ്യോഗികസഭയുടെ ഉപദേശങ്ങൾ ദൈവവചനത്തിനു വിരുദ്ധമാണെന്നു ബോധ്യപ്പെട്ട ഹസ്സ്, "എന്റെ ശരീരത്തിൽ ജീവശ്വാസം നിലനിൽക്കുന്ന കാലം മുഴുവൻ ഞാൻ ദൈവവചനം മുറുകെപ്പിടിച്ചുകൊണ്ട് അതു വിശ്വസിക്കുകയും പ്രസ്താവിക്കുകയും ചെയ്യും" എന്നു തീരുമാനിച്ചു. അതിൻപ്രകാരം ആളുകളെ നിർഭയം പഠിപ്പിക്കാനും തുടങ്ങി.

### മാർപാപ്പയുടെ വിലക്ക്

സഭാമേലധികാരികൾ ഹസ്സിനെ ദുരുപദേശക്കാരനെന്നും സഭയുടെ ശത്രുവെന്നും വിശേഷിപ്പിച്ചുകൊണ്ട് അവരുടെ മേലധികാരികൾക്കു മുമ്പാകെ പരാതി സമർപ്പിച്ചു. ബൊഹീമിയായിലെ സഭയുടെ അധികാരികൾ അന്നത്തെ മാർപാപ്പയായ അലക്സാണ്ടർ അഞ്ചാമനെ സ്വാധീനിച്ച് ജോൺഹസ്സിനെ സഭാഭ്രഷ്ടനാക്കി. പള്ളിയിൽ പ്രസംഗിക്കുന്നതിൽനിന്നും അദ്ദേഹത്തെ വിലക്കി. പക്ഷേ ബൊഹീമിയായിലെ ജനങ്ങളിൽ ഒരു നല്ല പങ്ക് ഹസ്സിന്റെ ആശയങ്ങളാൽ സ്വാധീനിക്കപ്പെട്ടു കഴിഞ്ഞിരുന്നതിനാൽ മാർപാപ്പയുടെ കല്പന ഹസ്സിനെതിരെ നടപ്പിലാക്കുവാൻ സാധിക്കാതെ വന്നു. അദ്ദേഹം ബേത്ളെഹെം ചാപ്പലിലെ തന്റെ പ്രസംഗങ്ങൾ തുടർന്നു.

### ജോൺ ഇരുപത്തിമൂന്നാമൻ എന്ന വിമത മാർപാപ്പ

അലക്സാണ്ടർ അഞ്ചാമൻ മാർപാപ്പയ്ക്കുശേഷം അധികാരത്തിൽ വന്നത് ജോൺ ഇരുപത്തിമൂന്നാമൻ എന്ന വിമത മാർപാപ്പ (Anti Pope) യായിരുന്നു. (ഇദ്ദേഹത്തിന്റെ വാഴ്ചക്കാലത്ത് മറ്റൊരു സ്ഥലത്ത് വാഴ്ച നടത്തിയ ഗ്രിഗറി പന്ത്രണ്ടാമൻ എന്നയാളായിരുന്നു അന്നത്തെ യഥാർത്ഥ മാർപാപ്പ എന്നു റോമൻ കത്തോലിക്കാസഭ ഇന്നു പരിഗണിക്കുന്നു). ജോൺ ഇരുപത്തിമൂന്നാമൻ എന്ന വിമത മാർപാപ്പ അന്ന് നേപ്പിൾസ് ഭരിച്ചിരുന്ന രാജാവിനെതിരെയുള്ള യുദ്ധത്തിൽ പങ്കെടുക്കുന്നവർക്കെല്ലാം പാപമോചനം പ്രഖ്യാപിക്കുന്ന ഒരു വിളംബരം പുറപ്പെടുവിച്ചു.

ദൈവവചനത്തിനു വിരുദ്ധവും തികച്ചും അധാർമ്മികവുമായ ഈ വിളംബരത്തിനെതിരെ ഹസ്സ് പ്രസംഗിക്കുകയും തന്റെ അനുയായികളുടെ സഹായത്തോടെ ബൊഹീമിയായിൽ വലിയ പ്രചാരണം നടത്തുകയും ചെയ്തു. ബൊഹീമിയ ഭരിച്ചിരുന്ന രാജാവ്, രാഷ്ട്രീയതാൽപര്യങ്ങൾ മൂലം, ഔദ്യോഗികസഭയുടെ പക്ഷത്ത് ചേർന്നുനിന്നുകൊണ്ട് ഹസ്സിനെതിരായ നിലപാട് സ്വീകരിച്ചു. നേരത്തെ ഹസ്സിനെ സഭാഭ്രഷ്ടനാക്കിക്കൊണ്ട് മാർപാപ്പ പുറപ്പെടുവിച്ചിരുന്ന കല്പന നടപ്പിൽ വരുത്താൻ രാജാവ് തീരുമാനിച്ചു.

### ബെത്‌ളെഹെം ചാപ്പൽ വിട്ട് ഗ്രാമങ്ങളിലേക്ക്

തനിക്കെതിരെയുള്ള നീക്കങ്ങളെക്കുറിച്ച് വിവരം ലഭിച്ചപ്പോൾ ഹസ്സ് ബേത്ളെഹെം ചാപ്പൽ വിട്ട് ദൂരെ ഗ്രാമപ്രദേശത്തേക്ക് പോയി. അധികം ആരുമായി സമ്പർക്കമില്ലാതെ ഒളിവിലെന്നോണം രണ്ടുവർഷം പാർത്തു. ഈ കാലയളവിൽ റോമാസഭയുടെ വചനവിരുദ്ധമായ ഉപദേശങ്ങളെ ഖണ്ഡിക്കുന്ന കുറച്ചധികം ലേഖനങ്ങളും പുസ്തകങ്ങളും അദ്ദേഹം എഴുതി തയ്യാറാക്കി. 'സഭ' എന്ന തലക്കെട്ടുവച്ച് അദ്ദേഹം എഴുതിയ സുദീർഘ ലേഖനം പ്രാഗ് പട്ടണത്തിലുള്ള തന്റെ സ്നേഹിതന്മാരെ ഏല്പിച്ചു. അനേകർ കേട്ടു മനസ്സിലാക്കത്തക്കവണ്ണം പരസ്യമായി ആളുകളെ അത് വായിച്ചു കേൾപ്പിക്കുവാൻ തന്റെ അനുയായികൾക്ക് നിർദ്ദേശവും നൽകി.

### ഹസ്സിനെതിരെ ചക്രവർത്തിക്കു പരാതി

ഹസ്സിന്റെ ആശയങ്ങൾ ജനത്തെ സ്വാധീനിക്കുന്നു എന്നു കണ്ടപ്പോൾ സഭയുടെ അധികാരികളും ബൊഹീമിയായിലെ രാജാവും ജർമ്മനി ഉൾപ്പെടെയുള്ള രാജ്യങ്ങളുടെയെല്ലാം ചക്രവർത്തിയായിരുന്ന സിഗ്മൺഡ് (Zygmunt) എന്ന വിശുദ്ധ റോമാസാമ്രാജ്യത്തിന്റെ (Holy Roman Empire) ചക്രവർത്തിയുടെ മുമ്പാകെ ഹസ്സിനെതിരെ പരാതി സമർപ്പിച്ചു. ഇതിനെത്തുടർന്ന് ജർമ്മനിയിലെ കോൺസ്റ്റാൻസ് (Konstanz) എന്ന സ്ഥലത്ത് വച്ച് ഹസ്സിനെ വിസ്തരിക്കുന്നതിനുള്ള കൗൺസിൽ (സുന്നഹദോസ്) കൂടുമെന്നു ചക്രവർത്തി പ്രഖ്യാപിക്കുകയും വിസ്താരത്തിനു ഹാജരാകാൻ ഹസ്സിനു കല്പന അയയ്ക്കുകയും ചെയ്തു.

വിസ്താരത്തിനായി എത്തുമ്പോൾ ഹസ്സിനെ അറസ്റ്റു ചെയ്യുകയോ ഏതെങ്കിലും വിധത്തിൽ പീഡിപ്പിക്കുകയോ ഒന്നും ചെയ്യുകയില്ലെന്നും സഭയിൽ വരുത്തേണ്ട പരിഷ്കാരങ്ങളെക്കുറിച്ചു ചർച്ച ചെയ്യുമെന്നും ഒക്കെ വാഗ്ദാനങ്ങൾ നൽകിക്കൊണ്ടാണ് ചക്രവർത്തി ഹസ്സിനോട് കോൺസ്റ്റൻസിലേക്ക് വരാൻ കല്പന നൽകിയത്. തനിക്ക് നൽകപ്പെട്ട വാഗ്ദാനങ്ങൾ ഹസ്സ് മുഖവിലയ്ക്ക് എടുത്തില്ലെങ്കിലും വേറെ മാർഗ്ഗമൊന്നും ഇല്ലാത്തതിനാൽ വിസ്താരത്തിനു ഹാജരാകാൻ അദ്ദേഹം തീരുമാനിച്ചു.

### അറസ്റ്റ് ചെയ്യപ്പെടുന്നു

ഹസ്സ് കോൺസ്റ്റൻസിൽ എത്തി. ഉടൻതന്നെ, താൻ ഭയപ്പെട്ടിരുന്നതുപോലെ, ചക്രവർത്തിയുടെ ഭടന്മാർ തന്നെ അറസ്റ്റു ചെയ്യുകയാണുണ്ടായത്. ജയിലിൽ അടച്ച്, പീഡിപ്പിച്ച്, അദ്ദേഹം എഴുതിയതും പ്രസംഗിച്ചതുമെല്ലാം തെറ്റായിരുന്നു എന്നു പറയിപ്പിക്കാനുള്ള സമ്മർദ്ദതന്ത്രങ്ങളാണ് പിന്നീട് സഭയും ചക്രവർത്തിയും കൂടി പ്രയോഗിച്ചത്.

**(തുടരും)**

# 16 പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

## എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

### മൂന്നാം ഭാഗം: മൃഗങ്ങൾ

**3. കഴുത** (മത്തായി 21:2)

ബൈബിൾ പരിശോധിച്ചാൽ, അബ്രാഹാമിന്റെ കഴുതയിൽ നിന്ന് ആരംഭിച്ച് (ഉല്പത്തി 12:16), ബിലെയാമിന്റെ കഴുതയിൽ അവസാനിക്കുന്ന (2 പത്രൊസ് 2:16) 'കഴുതപ്പുരാണം' ആണ് നമുക്ക് കാണുവാൻ കഴിയുന്നത്. പുതിയനിയമത്തിൽ കഴുതയെക്കുറിച്ചു പറയുന്ന വാക്യങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്ന കാര്യങ്ങളെ, (1) കഴുതയും ഹോശന്നായും, (2) കഴുതയും ശബ്ബത്തും, (3) കഴുതയും ബിലെയാമും എന്നീ മൂന്നു തലക്കെട്ടുകളിലായി നമുക്കു വിഭജിച്ചു ചിന്തിക്കാം.

**കഴുതയും ഹോശന്നായും:** "ദാവീദ്പുത്രന് ഹോശന്നാ" എന്നു ജനം പാടിയ ആ രംഗത്തിന്റെ തുടക്കം കഴുതയുമായി ബന്ധപ്പെട്ടതാണ്. മത്തായി 21:1–11 വരെയുള്ള വാക്യങ്ങളിൽ നാം അതു കാണുന്നുണ്ട്. ആ രംഗം സാകൂതം വീക്ഷിക്കുമ്പോൾ ആകെ ഒരു കഴുതമയം എന്നു തോന്നാം. വല്ലവനും അവന്റെ സ്വന്തം പറമ്പിൽ കെട്ടിയിരിക്കുന്ന കഴുതയെയും കുട്ടിയെയും അഴിച്ചുകൊണ്ടുവരാൻ പറയുന്ന ഗുരു! കേട്ടപാടെ അതിന്റെ വരും വരായ്കകൾ ചിന്തിക്കാതെ ചാടിപ്പുറപ്പെടുന്ന രണ്ടു ശിഷ്യന്മാർ! കർത്താവിന് ഇവയെക്കൊണ്ട് ആവശ്യമുണ്ട് എന്നു പറഞ്ഞ ഉടനെ കൊണ്ടുപൊയ്ക്കൊള്ളാൻ സമ്മതിക്കുന്ന ഉടമസ്ഥൻ! കഴുതപ്പുറത്ത് കയറിവരുന്ന പ്രവാചകൻ! തങ്ങളുടെ വസ്ത്രങ്ങളിൽ ചെളി പുരളും എന്നു ഭയപ്പെടാതെ വസ്ത്രങ്ങൾ വഴിയിൽ വിരിക്കുന്ന ജനക്കൂട്ടം! ഇതിൽ ആരെയൊക്കെ നാം കഴുത എന്നു വിളിക്കാതിരിക്കും?

ഇന്നത്തെ സാഹചര്യത്തിൽ നമുക്ക് ഈ സംഭവത്തെ ഒന്നു പുനർസൃഷ്ടിച്ചുനോക്കാം. "ആ വീട്ടുമുറ്റത്ത് ഇട്ടിരിക്കുന്ന കാർ സ്റ്റാർട്ട് ചെയ്ത് കൊണ്ടുപോരൂ" എന്നു പറയുന്ന ഗുരു; "കള്ളൻ എന്ന സർട്ടിഫിക്കറ്റും ഫ്രീയായി കുറെ തല്ലും കിട്ടില്ലേ ഗുരോ?" എന്നു ചോദിക്കാതെ കാർ കൊണ്ടുപോരാൻ ഇറങ്ങിപ്പുറപ്പെടുന്ന രണ്ടു ശിഷ്യന്മാർ! വല്ലവന്റെയും വീട്ടുമുറ്റത്ത് പാർക്ക് ചെയ്തിരിക്കുന്ന കാറിന്റെ ഡോർ തുറന്ന് അതിൽ കയറുമ്പോൾ

നെഞ്ചിടിപ്പ് കൂടാത്ത ശിഷ്യന്മാർ; വണ്ടി സ്റ്റാർട്ട് ചെയ്ത ശബ്ദം കേട്ട് ഓടി വന്ന ഉടമസ്ഥനോട്, “അതേ ചേട്ടാ, ഈ വണ്ടി കർത്താവിന് ആവശ്യമുണ്ട്” എന്നു കൂൾകൂളായി പറയുന്ന ശിഷ്യന്മാർ; കേട്ടപാടെ “ആരാ?” “എന്താ?” എന്നൊന്നും ചോദിക്കാതെ “കൊണ്ടുപൊയ്ക്കോളൂ” എന്നു പറയുന്ന ഉടമസ്ഥൻ! ഓ! മണ്ടന്മാർ മാത്രം അഭിനയിച്ച ഒരു സീൻ എന്നേ ഇതിനെ പറയാനൊക്കൂ. അതാണ് ഞാൻ പറഞ്ഞത്, ആകെ കഴുതമയം എന്ന്.

പക്ഷേ ഈ രംഗത്ത് കർത്താവിന്റെ സാന്നിദ്ധ്യം വന്നതാണ് നമ്മെ മാറി ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നത്. കർത്താവ് ഇവിടെ രാജാവായി സ്വയം വെളിപ്പെടുത്തുകയാണ്. രാജാവ് കഴുതപ്പുറത്ത് വരുന്നു എന്ന സെഖര്യാവിന്റെ പ്രവചനം (9:9) നിവർത്തിയാകുന്ന മനോഹരമായ രംഗമാണിത്. വല്ലവനും അവന്റെ പറമ്പിൽ കെട്ടിയിരിക്കുന്ന അവന്റെ കഴുതയെ അഴിച്ചു കൊണ്ടുവരുവാൻ നിർദ്ദേശിച്ചതിലൂടെ, കർത്താവ് സ്വയം രാജാവായി, തന്നെത്തന്നെ അവതരിപ്പിക്കുകയായിരുന്നു. പ്രജകളുടെ സമ്മതം രാജാധിരാജന് ആവശ്യമില്ല. ആ രാജാവ്, സ്രഷ്ടാവ് കൂടിയാണ്. താൻ സൃഷ്ടിച്ച കഴുതയെ അഴിച്ചുകൊണ്ടുവരുവാനാണ് കല്പിച്ചത്.

കേൾക്കുമ്പോഴേക്കും സംശയങ്ങളോ ചോദ്യങ്ങളോ ഇല്ലാതെ ചാടിപ്പുറപ്പെട്ട രണ്ടു ശിഷ്യന്മാരെ മണ്ടന്മാർ എന്നോ കഴുതകൾ എന്നോ വിളിക്കാമായിരുന്നു; ഞാനോ നിങ്ങളോ പറഞ്ഞതു കേട്ടാണ് അവർ ചാടിപ്പുറപ്പെട്ടതെങ്കിൽ മാത്രം. എന്നാൽ ആ ശിഷ്യന്മാർ, കർത്താവ് പറഞ്ഞതു കേട്ടാണ് ഇറങ്ങിപ്പുറപ്പെട്ടത് എന്നു മനസ്സിലാക്കുമ്പോൾ, ഭയമില്ലാത്ത അനുസരണത്തിന്റെയും, ചോദ്യം ചെയ്യാത്ത അനുസരണത്തിന്റെയും ഉത്തമദൃഷ്ടാന്തങ്ങളായി അവർ ശോഭിക്കുകയല്ലേ ചെയ്യുന്നത്? ഞാനോ നിങ്ങളോ ആയിരുന്നുവെങ്കിൽ, എങ്ങനെ പ്രതികരിക്കുമായിരുന്നു എന്നോർക്കുക. ആ രണ്ടു ശിഷ്യന്മാർ അനുസരണത്തിന്റെ കാര്യത്തിൽ എത്രയോ ഉയരെയാണ് നിലകൊള്ളുന്നത് എന്നു അപ്പോൾ നല്ലവണ്ണം മനസ്സിലാകും.

“നിങ്ങൾ കഴുതക്കുട്ടിയെ അഴിക്കുന്നത് എന്ത്?” എന്നു ചിലർ ചോദിച്ചു (മർക്കൊസ് 11:5). കർത്താവിന് ആവശ്യമുണ്ട് എന്ന് മറുപടി! ശബ്ദമിടറാതെ, നല്ല ധൈര്യത്തോടെ ശിഷ്യന്മാർക്ക് എങ്ങനെ അതു പറയാൻ കഴിഞ്ഞു എന്നത് എന്നെ വല്ലാതെ അത്ഭുതപ്പെടുത്തുന്നു. അനുസരിക്കുന്നത് കർത്താവിനെയാണ് എന്ന തിരിച്ചറിവാണ് ആ ശിഷ്യന്മാർക്ക് ഇത്രയും ധൈര്യം പകർന്നുകൊടുത്തത്. ഭീരുത്വത്തിന്റെ ആത്മാവിനെയല്ല ദൈവം നമുക്ക് തന്നത് (2 തിമൊ.1:7). കർത്താവ് കല്പിച്ചതാണ് എന്നു ബോധ്യമുണ്ടെങ്കിൽ, അതിന് തെളിവുവാക്യം ബൈബിളിൽനിന്നും കാണിക്കാൻ കഴിയുമെങ്കിൽ, നാം തീർച്ചയായും അത് അനുസരിക്കുവാനുള്ള ധീരത കാണിക്കണം.

ബന്ധുക്കളുടെ എതിർപ്പിനെ പേടിച്ച് സ്നാനപ്പെടാതെ നടക്കുന്നവരും, മറ്റു ള്ളവർ എന്തു ചിന്തിക്കും എന്നു കരുതി സഭായോഗങ്ങളിൽ കൃത്യമായി വരാത്തവരും, കുറഞ്ഞുപോയെങ്കിലോ എന്നു പേടിച്ച് ദൈവികവേലയ്ക്കു പണം കൊടുക്കാത്തവരും... എല്ലാം ചിന്തിക്കട്ടെ. കഴുതയെ അഴിച്ചുകൊ ണ്ടുവരുവാൻ പോയ ആ രണ്ടു ശിഷ്യന്മാർ സ്വയം കഴുതകളായിത്തീരുക യല്ല; പിന്നെയോ, അനുസരണത്തിന്റെ ഔന്നത്യം നമുക്ക് കാണിച്ചുതരിക യാണ്. ഫലമോ? തെരുവീഥിയെ പ്രകമ്പനം കൊള്ളിച്ച ഹോശന്നാ എന്ന ആരവം നിങ്ങൾ കേൾക്കുന്നില്ലേ? കർത്താവായ യേശുവിന്റെ നാമം മഹിമ പ്പെട്ടത് കണ്ടില്ലേ? അതെ, നമ്മുടെ അനുസരണങ്ങൾ ദൈവനാമത്തെ മഹ ത്വപ്പെടുത്തക്കവിധം ആയിത്തീരട്ടെ.

കഴുതകളുടെ ഉടമസ്ഥൻ എതിർപ്പൊന്നും കാണിച്ചില്ല! തന്റെ കഴുത കളെ കർത്താവിനു വേണ്ടി കൊടുത്തപ്പോൾ ദൈവനാമം മഹത്വപ്പെട്ടു. ഒരു ബാലൻ അവന്റെ കയ്യിലുള്ള അപ്പം കർത്താവിനു കൊടുത്തപ്പോൾ ദൈവ നാമം മഹത്വപ്പെട്ടു. ശമര്യക്കാരത്തി അല്പം വെള്ളം കൊടുക്കാനുള്ള മനസ്സ് കാണിച്ചപ്പോൾ ദൈവനാമം മഹത്വപ്പെട്ടു. കർത്താവിന് കൊടുക്കാൻ നാം തയ്യാറായാൽ അതിലൂടെ സംഭവിക്കുന്ന ദൈവനാമമഹത്വം വളരെയായിരി ക്കും. നമ്മുടെ സമയം, പണം, ആരോഗ്യം, വാഹനം തുടങ്ങിയവയെല്ലാം ദൈവനാമമഹത്വത്തിന് ഉപകരിക്കട്ടെ. നമ്മുടെ പണവും ആരോഗ്യവുമെല്ലാം കെട്ടപ്പെട്ട നിലയിലുള്ള വെറും കഴുതകളായി തീരരുത്. കർത്താവിന് അവ യെക്കൊണ്ട് ആവശ്യമുണ്ട്. അതുകൊണ്ട് അവയെ അഴിച്ചുവിടുക. കർത്താ വിനു ഉപകാരപ്പെടട്ടെ.

ആ കഴുതകൾക്ക് പിന്നീട് എന്തു സംഭവിച്ചു? വേദപുസ്തകം അതേ ക്കുറിച്ച് യാതൊന്നും തന്നെ പറയുന്നില്ല. ഒരു പക്ഷേ ആവശ്യം കഴിഞ്ഞ് ഉടമസ്ഥനു തന്നെ അവയെ തിരിച്ചുകൊടുത്തിരിക്കാം. നാം അതേക്കുറിച്ച് ചിന്തിച്ച് വിഷമിക്കേണ്ടതില്ല. ബൈബിൾ ആ കഴുതകളെക്കുറിച്ച് മൗനം പാലിക്കുന്നു. അല്ലെങ്കിൽത്തന്നെ കർത്താവായ യേശുവിനെ ഉയർത്തുവാൻ വേണ്ടി മാത്രമായി അരങ്ങേറിയ ആ രംഗത്തിൽ കഴുതയ്ക്ക് എന്ത് പ്രസക്തി? ആ രണ്ടു ശിഷ്യന്മാരെക്കുറിച്ചോ, ആ ഉടമസ്ഥനെക്കുറിച്ചോ എല്ലാം ബൈബിൾ പിന്നീട് മൗനം പാലിക്കുന്നു. നമ്മുടെ നോട്ടം കഴുതകളിലേക്കോ ഉടമസ്ഥനിലേക്കോ പതിയാതെ ക്രിസ്തുവിൽ മാത്രമായി പതിയണം എന്നാണ് ദൈവഹിതം.

(തുടരും)

visit our website
**www.reallifevoice.in**

# പരിശുദ്ധാത്മാവ്

35

**-എംവിഎസ്-**

**വിശ്വാസിയും പരിശുദ്ധാത്മാവും**

പരുശുദ്ധാത്മാവിനോടുള്ള ബന്ധത്തിൽ ഒരു വിശ്വാസി ശ്രദ്ധിക്കേണ്ട നാലു കാര്യങ്ങളാണ് ഉള്ളത്. അതിൽ രണ്ടെണ്ണം പോസിറ്റീവായ കാര്യങ്ങളും (ചെയ്യേണ്ടത്), രണ്ടെണ്ണം നെഗറ്റീവ് ആയ കാര്യങ്ങളും (ചെയ്യരുതാത്തത്) ആണ്. ആത്മാവിനെ അനുസരിച്ചു നടപ്പിൻ, ആത്മാവിൽ നിറയുവിൻ എന്നതാണ് ആദ്യത്തെ രണ്ടു കാര്യം. ആത്മാവിനെ ദുഃഖിപ്പിക്കരുത്, ആത്മാവിനെ കെടുക്കരുത് എന്നിവയാണ് അടുത്ത രണ്ടു കാര്യങ്ങൾ.

ആത്മാവിനെ അനുസരിച്ചു നടപ്പിൻ എന്നത് നാം കഴിഞ്ഞ ലക്കത്തിൽ ചിന്തിച്ചതാണല്ലോ. ഇനി രണ്ടാമത്തേത് നോക്കാം.

**2. ആത്മാവിൽ നിറയുവിൻ** (എഫെസ്യർ 5:15-21)

ആത്മാവ് നിറഞ്ഞവരായി ഇരിക്കുന്ന അനുഭവം ഓരോ വിശ്വാസിയും സ്വയം വളർത്തിയെടുക്കണം. കുഴൽക്കിണറിലെ വെള്ളം ഉപയോഗിച്ചാൽ പുതിയ വെള്ളം അതിൽ നിറയുന്നതുപോലെ, ഓരോ വിശ്വസിയുടെയും ജീവിതത്തിൽ ആത്മാവിൽ നിറയുന്ന അനുഭവം എന്നും ഉണ്ടാകണം. മാത്രമല്ല, ഈ അനുഭവം നാം മുൻകയ്യെടുത്ത് വളർത്തിയെടുക്കേണ്ടതാണ്. ദൈവം മുൻകയ്യെടുത്ത് തരുന്ന ആത്മനിറവ് വേറെയുണ്ടല്ലോ. ഇതു അതുപോലെയല്ല; നാം ദൈവത്തിൽ ആശ്രയിച്ച് കൈവരിക്കേണ്ട അനുഭവമാണ്.

എഫെസ്യർ 5:15-21 ൽ, ആത്മാവിൽ നിറയുന്ന അനുഭവം സ്വന്തമാക്കുന്നതിനു ആവശ്യമായ നാലു മുൻകരുതലുകളെപ്പറ്റിയും, ഈ അനുഭവം സ്വന്തമാക്കിയാലുള്ള നാലു ഫലങ്ങളെപ്പറ്റിയും പറയുന്നുണ്ട്.

**ആത്മാവിൽ നിറയണമെങ്കിൽ വേണ്ട നാലു മുൻകരുതലുകൾ**

തെങ്ങ് നന്നായി കായ്ക്കണമെങ്കിൽ നാം ചില മുൻകരുതലുകൾ എടുക്കണം. കുഞ്ഞുങ്ങൾ ഭാവിയിൽ നല്ല നിലയിൽ കാണപ്പെടണമെങ്കിൽ ചില മുൻകരുതലുകൾ എടുക്കണം. അതുപോലെ, ആത്മനിറവിന്റെ അനുഭവം നമുക്കുണ്ടാകണമെങ്കിലും ചില മുൻകരുതലുകൾ എടുക്കേണ്ടത് ആവശ്യമാണ്.

**1. സൂക്ഷ്മത്തോടെ ജ്ഞാനികളായി നടക്കാനുള്ള തീരുമാനം (5:15)**

യഹോവാഭക്തിയാണ് ജ്ഞാനത്തിന്റെ ആരംഭം. ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുതന്നേ നിക്ഷേപിക്കുന്നവൻ മൂഢനാണ്, അഥവാ ജ്ഞാനിയല്ല (ലൂക്കൊസ് 12:20,21). ആത്മാവിൽ നിറയുന്ന അനുഭവം സ്വന്തമാക്കണമെങ്കിൽ, ആദ്യം ഇങ്ങനെ ഒരു തീരുമാനം നാം എടുക്കണം. ദൈവവിഷയമായി സമ്പന്നനാകാൻ ആഗ്രഹിക്കണം.

**2. സമയം തക്കത്തിൽ ഉപയോഗിക്കാനുള്ള തീരുമാനം (5:16)**

Redeeming the time എന്നാണ് ഇംഗ്ലീഷ് ബൈബിളായ KJV യിൽ കൊടുത്തിരിക്കുന്നത്. Redeem (റിഡീം) എന്നു വച്ചാൽ വീണ്ടെടുക്കുക എന്നാണർത്ഥം. കർത്താവ് നടത്തിയ വീണ്ടെടുപ്പിനോടുള്ള ബന്ധത്തിൽ ഗലാത്യർ 3:13 ൽ അതേ ഗ്രീക്ക് പദമാണ് ഉപയോഗിച്ചിരിക്കുന്നത്. നഷ്ടപ്പെട്ടുപോയ മനുഷ്യനെ വില കൊടുത്ത് (നഷ്ടങ്ങൾ സഹിച്ച്) യേശു വീണ്ടെടുത്തതുപോലെ, നമ്മുടെ നഷ്ടപ്പെട്ട നിലയിൽ കിടക്കുന്ന സമയം എന്തു ത്യാഗം സഹിച്ചും നാം വീണ്ടെടുക്കണം. സമയം ധൂർത്തടിച്ചു കളയുന്നവന് ആത്മാവിൽ നിറയുന്ന അനുഭവം സ്വന്തമാക്കാൻ സാധിക്കയില്ല.

**3. കർത്താവിന്റെ ഇഷ്ടം മനസ്സിലാക്കാനുള്ള തീരുമാനം (5:17)**

കർത്താവിന്റെ ഇഷ്ടം മനസ്സിലാക്കി അതിൻപ്രകാരം ജീവിക്കാനുള്ള മനസ്സ് നമുക്കു വേണം. ആത്മാവിൽ നിറയുന്ന അനുഭവം എങ്കിൽ മാത്രമേ ലഭ്യമാകൂ. കർത്താവിന്റെ ഇഷ്ടം മനസ്സിലാക്കി പ്രവർത്തിക്കുന്നതിൽ ദൈവമക്കളുടെ ഭാഗത്ത് വീഴ്ച ഉള്ളതുകൊണ്ടാണ് സഭായോഗങ്ങളിലും വചനപഠനക്ലാസ്സുകളിലും മറ്റു ആത്മികകാര്യങ്ങളിലും താത്പര്യമില്ലാത്തവർ ദൈവജനത്തിന്റെ മധ്യേ പെരുകുന്നത്.

**4. മദ്യപിക്കരുത് എന്നുള്ള തീരുമാനം (5:18)**

ദൈവമക്കളുടെ ഇടയിൽ ഈ പോയിന്റ് വിശദീകരിക്കേണ്ട കാര്യമില്ല എന്നാണ് എനിക്ക് ആദ്യനാളുകളിലൊക്കെ തോന്നിയിട്ടുള്ളത്. മദ്യപിക്കുന്നവർ ആരും ദൈവമക്കളുടെ കൂട്ടത്തിൽ കാണില്ല എന്നു ഞാൻ വിചാരിച്ചിരുന്നു. എന്നാൽ ആ ധാരണ തെറ്റാണെന്നു വൈകാതെ തെളിഞ്ഞു. ദൈവമക്കൾ എന്ന പേരിലുള്ള അനേകർ മദ്യപാനികളായിട്ടുണ്ട് എന്നതാണ് വാസ്തവം. വീഞ്ഞ് കുടിച്ച് മത്തരാകുന്നവർക്ക് ആത്മാവിൽ നിറയുന്ന അനുഭവം ഒരിക്കലും സ്വന്തമാക്കാൻ കഴിയില്ല.

**ആത്മാവിൽ നിറഞ്ഞാലുള്ള നാലു ഫലങ്ങൾ**

ആത്മാവിൽ നിറയുന്ന അനുഭവം സ്വന്തമാക്കിയാൽ താഴെപ്പറയുന്ന നാലു ഫലങ്ങൾ നമ്മിൽ കാണപ്പെടും.

### 1. സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ സംസാരിക്കും (5:19)

ആത്മാവിൽ നിറഞ്ഞവർ ആത്മികകാര്യങ്ങൾ തമ്മിൽ സംസാരിക്കും. ദൈവജനം ഒരുമിച്ചു കൂടുമ്പോഴുള്ള സംസാരം അവിടെ കൂടിവന്നവരുടെ ആത്മാവിലുള്ള നിറവ് വ്യക്തമാക്കുന്നതായിരിക്കും. രാഷ്ട്രീയകാര്യങ്ങൾ സംസാരിക്കുമ്പോൾ ആവേശഭരിതരാകുന്നവർ, തർക്കവിഷയങ്ങൾ സംസാരിക്കുമ്പോൾ സടകുടഞ്ഞ് എഴുന്നേൽക്കുന്നവർ ഇവരൊന്നും ആത്മാവിൽ നിറഞ്ഞവരായതുകൊണ്ടല്ല അപ്രകാരം ചെയ്യുന്നത്.

### 2. ഹൃദയത്തിൽ കർത്താവിനു പാടും, കീർത്തനം ചെയ്യും (5:19)

ആത്മാവിൽ നിറഞ്ഞവർ തങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടുകയും കീർത്തനം ചെയ്യുകയും ചെയ്യും. ഇത് ആന്തരികമായി നടക്കുന്ന പ്രക്രിയയാണ്. മറ്റുള്ളവർ അറിയണമെന്നില്ല. പരസ്യമായ ഭക്തിപ്രകടനങ്ങളാണ് മറ്റുള്ളവർ കാണുന്നത്. ആരും കാണാനില്ലെങ്കിൽ പലരുടെയും ഭക്തിപ്രകടനം ഇല്ലാതാകും. പക്ഷേ ആത്മാവിൽ നിറഞ്ഞവർ അങ്ങനെയല്ല; അവർ തങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടും. മറ്റുള്ളവരെ കാണിക്കുക എന്നത് അവരുടെ ലക്ഷ്യമല്ല.

### 3. എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്യും (5:20)

ആത്മനിറവുള്ളവർ തങ്ങളുടെ ഏതവസ്ഥയിലും സംതൃപ്തരും ദൈവത്തിൽ സന്തോഷിക്കുന്നവരും ദൈവമുമ്പാകെ നന്ദിയുള്ളവരും ആയിരിക്കും. അവർ എല്ലാറ്റിനുവേണ്ടിയും ദൈവമുമ്പാകെ സ്തോത്രം ചെയ്യുന്നവരായിരിക്കും. എത്ര വലിയ കഷ്ടം വന്നാലും ദൈവമുമ്പാകെ പരാതിയും പരിഭവും പറയാതെ അതിനും നന്ദി പറയുവാൻ ആത്മനിറവുള്ളവർക്കു മാത്രമേ കഴിയൂ.

### 4. അന്യോന്യം കീഴ്പെട്ടിരിക്കും (5:21)

കീഴ്പെട്ടിരിക്കുക എന്നത് പലർക്കും ബുദ്ധിമുട്ടുള്ള കാര്യമാണ്. എന്നാൽ ആത്മനിറവുള്ളവർക്ക് അതിനു പ്രയാസം ഉണ്ടാകയില്ല. കാരണം അവരിൽ പ്രവർത്തിക്കുന്നത് ദൈവാത്മാവാണ്. കുടുംബബന്ധങ്ങളിലും സാമൂഹ്യബന്ധങ്ങളിലും ഉദ്യോഗസ്ഥബന്ധങ്ങളിലും കീഴ്പെട്ടിരിക്കാനുള്ള വിമുഖത നിമിത്തം ഉണ്ടാകുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ആത്മനിറവുള്ളവർ കുടുംബത്തിലും സമൂഹത്തിലും ജോലിസ്ഥലത്തുമെല്ലാം ഒരു അനുഗ്രഹം ആയിരിക്കും.

ആത്മാവിൽ നിറഞ്ഞ് അന്യഭാഷ പറയണം എന്നു തെറ്റിദ്ധരിച്ച് വായിൽ തോന്നിയത് വിളിച്ചു പറയുന്നതല്ല ആത്മനിറവിന്റെ ഫലം. **(തുടരും)**

# യോവേൽ

## (പുസ്തകപഠനം)

21

### എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**എന്തൊക്കെയാണ് ശത്രുക്കൾ ദൈവജനത്തോട് കാണിച്ചത്?**

1. ജാതികളുടെ ഇടയിൽ ചിതറിച്ചു (3:2)
2. ആൺകുട്ടികൾ അടിമകളായി വിൽക്കപ്പെട്ടു (3:3)
3. പെൺകുട്ടികൾ വേശ്യകളായി വിൽക്കപ്പെട്ടു (3:3)
4. വിറ്റുകിട്ടിയ കാശുകൊണ്ട് അവർ മ്ലേച്ഛത പ്രവർത്തിച്ചു (3:3)

**യോവേൽ 3:5**

**"നിങ്ങൾ എന്റെ വെള്ളിയും പൊന്നും എടുത്തു എന്റെ അതിമനോഹരവസ്തുക്കൾ നിങ്ങളുടെ ക്ഷേത്രങ്ങളിലേക്കു കൊണ്ടുപോയി"**

5. **വെള്ളിയും പൊന്നും എടുത്തുകൊണ്ടുപോയി** (3:5)

എന്റെ വെള്ളിയും പൊന്നും എടുത്തു എന്നാണ് ദൈവം പറഞ്ഞത്. ശത്രുരാജ്യം യിസ്രായേൽമക്കളെ ആക്രമിച്ച്, ദൈവാലയം നശിപ്പിച്ച്, ദൈവാലയത്തിലെ പൊന്നും വെള്ളിയും എല്ലാം കൊണ്ടുപോകുന്നതാണ് ഇവിടെ പ്രവാചകനിലൂടെ ദൈവം പറയുന്നത്. ബാബേൽരാജാവായ നെബൂഖദ്നേസെർ യെരൂശലേമിനെ ആക്രമിച്ചപ്പോൾ, "അവൻ യഹോവയുടെ ആലയത്തിലെ സകല നിക്ഷേപങ്ങളും രാജധാനിയിലെ നിക്ഷേപങ്ങളും അവിടെ നിന്നു എടുത്തുകൊണ്ടുപോയി" (2 രാജാക്കന്മാർ 24:13).

6. **അവരുടെ ക്ഷേത്രങ്ങളിലേക്ക് കൊണ്ടുപോയി** (3:5)

ഇരട്ട അപമാനമാണ് അവർ ഉണ്ടാക്കിയത്. യഹോവയുടെ ആലയത്തിലെ പൊന്നും വെള്ളിയും കൊണ്ടുപോവുക മാത്രമല്ല, അത് അവരുടെ ദേവന്റെ ക്ഷേത്രത്തിൽ വയ്ക്കുകയും ചെയ്തു. ദൈവാലയത്തിൽ വിശുദ്ധ പുരോഹിതന്മാർ മാത്രം കൈകാര്യം ചെയ്തിരുന്ന ഉപകരണങ്ങളെല്ലാം വിഗ്രഹങ്ങൾ വച്ചിരിക്കുന്ന ക്ഷേത്രത്തിൽ കൊണ്ടുപോയി വച്ചപ്പോൾ പിശാചിന്റെ കോട്ടയിലുണ്ടായ വലിയ ആഹ്ലാദാരവം ഒന്നു ചിന്തിച്ചുനോക്കൂ. ഇതിനെല്ലാം വഴിയൊരുക്കിയത് ദൈവജനത്തിന്റെ പിന്മാറ്റവും നന്ദികേടും ആണെന്ന കാര്യം നാം മറക്കരുത്.

**യോവേൽ 3:6**

**"യെഹൂദ്യരെയും യെരൂശലേമ്യരെയും അവരുടെ അതിരുകളിൽനിന്നു ദൂരത്തു അകറ്റുവാൻ തക്കവണ്ണം നിങ്ങൾ അവരെ യവനന്മാർക്കു വിറ്റുകളഞ്ഞു"**

**7. അവരെ യവനന്മാർക്കു വിറ്റുകളഞ്ഞു** (3:6)

അവർ ഒരിക്കലും ഒരുമിക്കരുതെന്നു ശത്രുക്കൾ ആഗ്രഹിച്ചു. അവർ ഒരിക്കലും തങ്ങളുടെ ദേശത്തിന്മേലുള്ള അവകാശവാദവുമായി വരരുതെന്ന് ശത്രുക്കൾ ആഗ്രഹിച്ചു. അതുകൊണ്ട് അവരെ ദൂരത്തേക്ക് വിറ്റുകളഞ്ഞു. അങ്ങനെ ദൈവജനം രാജ്യം വിട്ട്, തങ്ങളുടെ സ്വന്തക്കാരെ വിട്ട്, തങ്ങളുടെ സ്വത്തെല്ലാം വിട്ട് ദൂരത്തേക്ക് പോകേണ്ടിവന്നു.

ദൈവികപരിപാലനം അനുഭവിച്ചുപോരേണ്ട ജനം, ജീവനുള്ള ദൈവത്തെ ഉപേക്ഷിക്കുകയും അന്യദേവന്മാരുടെ പുറകെ പോവുകയും ചെയ്തപ്പോൾ ഉണ്ടായ നഷ്ടം എത്ര വലുതാണ്! തന്റെ പ്രവാചകന്മാരിലൂടെ പലപ്പോഴായി പ്രബോധിപ്പിച്ചുകൊണ്ട് ദൈവം ദീർഘക്ഷമയോടെ കാത്തിരുന്നു. മടങ്ങിവരുവാൻ അവരെ ആഹ്വാനം ചെയ്തു. കൊച്ചുകൊച്ചു നഷ്ടങ്ങൾ ജീവിതത്തിൽ കൊടുത്തുകൊണ്ട്, തങ്ങൾ സഞ്ചരിക്കുന്ന വഴിയെക്കുറിച്ചു ചിന്തിക്കുവാൻ അവരെ പ്രേരിപ്പിച്ചു. പക്ഷേ ആരും മാനസാന്തരപ്പെട്ടില്ല. ആരും ദൈവത്തിങ്കലേക്ക് തിരിച്ചുവന്നില്ല.

ഒടുവിൽ ദൈവം അവരെ ശത്രുക്കളുടെ കയ്യിൽ ഏല്പിച്ചു. ശത്രുക്കൾ അവരോടു ചെയ്ത ഏഴു കാര്യങ്ങളാണ് നാം മുകളിൽ കണ്ടത്. ദൈവത്തെയും ദൈവജനത്തെയും ഒരുപോലെ അപമാനിക്കുകയായിരുന്നു ശത്രുക്കൾ ചെയ്തത്.

**(തുടരും)**


## നമ്മുടെ വാട്സാപ് ഗ്രൂപ്പിൽ അംഗമാകൂ

REAL LIFE VOICE എന്ന പേരിൽ ഒരു WhatsApp Group ഉണ്ട്. എല്ലാ മാസവും മാസിക അതിൽ പോസ്റ്റ് ചെയ്യുന്നതായിരിക്കും. സ്വദേശത്തും വിദേശത്തുമുള്ള നിങ്ങളുടെ ബന്ധുക്കളെയും സ്നേഹിതരെയും ഈ ഗ്രൂപ്പിൽ ചേർക്കുമല്ലോ. തർക്കങ്ങളോ വാദങ്ങളോ ഒന്നും ഈ ഗ്രൂപ്പിൽ ഉണ്ടാകില്ല. മാസത്തിലൊരിക്കൽ മാസിക പോസ്റ്റ് ചെയ്യുന്നതിനു മാത്രം ഉള്ള ഗ്രൂപ്പാണിത്.

**(എഡിറ്റർ)**

# ഇമ്മാനുവിന്റെ സംശയങ്ങൾ 33

## എം.വി.എസ്

# പുസ്തകം തുറന്നുവച്ചാൽ...

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

"പപ്പാ, ഇന്നലെ പപ്പാ എന്നോട് ടെക്സ്റ്റുപുസ്തകം നോക്കി ചോദ്യങ്ങൾ ചോദിച്ചില്ലേ? അതു കഴിഞ്ഞ് പപ്പ ടെക്സ്റ്റുപുസ്തകം അടച്ചുവച്ചില്ല. മേലാൽ അങ്ങനെ ചെയ്യരുത്"

നാലാംക്ലാസ്സിൽ പഠിക്കുന്ന എന്റെ മോൻ ഇമ്മാനുവിന്റെ ഈ സംസാരം കേട്ടാൽ തോന്നും, അവൻ എന്റെ അപ്പനാണെന്ന്! എന്നാൽ അതൊന്നു തിരുത്തിക്കളയാം.

"ഡാ, നീയല്ല എന്റെ തന്ത... ഞാനാണ് നിന്റെ തന്ത.. മനസ്സിലായോ? നിന്റെ തന്തയല്ല എന്റെ തന്ത, മനസ്സിലായോഡാ?"

എനിക്കെന്തോ എന്നെത്തന്നെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഞാൻ പറഞ്ഞ തന്തഡയലോഗ് ഇമ്മാനുവിന് പൂർണ്ണമായും മനസ്സിലാവാതെ അവൻ വാ പൊളിച്ചുനിന്നു.

"എന്താണ് പ്രശ്നം?" എന്റെ ഭാര്യ ഒത്തുതീർപ്പിനു വന്നു.

"മമ്മീ, ഇന്നലെ പപ്പാ എന്റെ ടെക്സ്റ്റുബുക്ക് അടച്ചുവച്ചില്ല."

ഇമ്മാനു തന്റെ പരാതി ആവർത്തിച്ചു. ഉടനെത്തന്നെ അവന്റെ മമ്മി ചോദിച്ചു: "അതിനെന്താ?"

"അതിനെന്താ എന്നോ? എന്റെ മമ്മി തന്നെയാണോ ഇങ്ങനെ ചോദിക്കുന്നത്?" ഇമ്മാനുവിന് അതിശയം.

"എന്താ ഇവിടെ ഒരു പ്രശ്നം?" എല്ലാവരും ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കി. നമ്മുടെ അന്ത്രോസ്ബ്രദറാണ്. "എന്താ ഇമ്മാനു പ്രശ്നം?"

"അന്ത്രോസങ്കിൾ..." എന്നു വിളിച്ച് ഇമ്മാനു കാര്യങ്ങൾ വിശദീകരിക്കാൻ തുടങ്ങിയപ്പോഴേക്കും, "നില്ല്, നില്ല്, ഞാനും വരുന്നു... എനിക്കും കേൾക്കണം" എന്നും പറഞ്ഞ് ഇറ്റ്യാനംചേടത്തി ഓടി വന്നു.

ബദ്ധവൈരികളായ അന്ത്രോസ്ബ്രദറും ഇറ്റ്യാനംചേടത്തിയും നേർക്കുനേർ!

"ഈ തള്ള എന്റെ മണോം പിടിച്ച് നടക്കാണോ? ഞാൻ എപ്പൊ ഇവിടെ വന്നാലും ഓടിവരണത് കാണാലോ" അന്ത്രോസ്ബ്രദർ തന്റെ നീരസം വെളിപ്പെടുത്തി.

"ഓ.. പിന്നേ... മണോം പിടിച്ച് നടക്കാൻ പറ്റിയ ഒരു മൊതല്..." ഇറ്റ്യാനംചേടത്തിയുടെ മറുപടി.

കാര്യങ്ങൾ കൈവിട്ടുപോകുന്നു എന്നു മനസ്സിലാക്കിയ ഇമ്മാനു വേഗം

തന്റെ വിഷയം എടുത്തിട്ടു.

"ഇന്നലെ പപ്പാ എന്റെ ടെക്സ റ്റ്ബുക്ക് അടച്ചുവയ്ക്കാതെ പോയി."

"അതിനെന്താടാ" ഞാൻ അലറി.

"പഠിക്കുന്ന പുസ്തകം അടച്ചുവ ച്ചില്ലെങ്കിൽ പഠിച്ചതു മറക്കും. എന്റെ ക്ലാസ്സിലെ രാജു പറഞ്ഞതാണ്. വെറു തെയല്ല എനിക്കൊന്നും ഓർമ്മയില്ലാ ത്തത്. പുസ്തകം അടച്ചുവയ്ക്കാൻ ഞാനും പലപ്പോഴും മറക്കാറുണ്ട്."

"ഇമ്മാനു, ഇതൊക്കെ അന്ധവി ശ്വാസമാണ്..." അന്ത്രോസ്ബ്രദർ അവസരത്തിനൊത്ത് ഉയർന്നത് കണ്ടപ്പോൾ എനിക്കു സന്തോഷം തോന്നി. അന്ത്രോസ്ബ്രദർ തുടർന്നു:

"പഠിച്ചുകഴിഞ്ഞാൽ പുസ്തകം അടച്ചുവയ്ക്കണം. അതൊരു നല്ല ശീലമാണ്. അല്ലാതെ അത് അന്ധ വിശ്വാസമാക്കരുത്. ഞാൻ പ്രിഡി ഗ്രിക്ക് പഠിക്കുമ്പോൾ പഠിച്ച പുസ്ത കങ്ങൾ കൃത്യമായി അടച്ചുവയ്ക്കു മായിരുന്നു. എന്നിട്ടും ഞാൻ ഇംഗ്ലീ ഷിൽ തോറ്റു."

"അതുകൊണ്ട് നാട്ടിൽ വരുന്ന മദാമ്മമാരൊക്കെ രക്ഷപ്പെട്ടു." ഇറ്റ്യാ നംചേടത്തിയുടെ കൗണ്ടർ കേട്ട് അന്ത്രോസ്ബ്രദറിനു ദേഷ്യം വന്നു വെങ്കിലും അത് പ്രകടിപ്പിച്ചില്ല.

"എടാ ഇമ്മാനുക്കുട്ടാ..." ഇറ്റ്യാനം ചേടത്തി തുടർന്നു. "... കാര്യം നമ്മു ടെ അന്ത്രോസ് വെളിച്ചോം വെവരോം ഇല്ലാത്തവനാണെങ്കിലും, പ്രിഡിഗ്രി തോറ്റവനാണെങ്കിലും ഇപ്പറഞ്ഞതിൽ കാര്യമുണ്ട്. ഇമ്മാനുക്കുട്ടനെപ്പോ ലുള്ള മിടുക്കന്മാര് ഒരിക്കലും ഇങ്ങ നെ അന്ധവിശ്വാസികളാകരുത്."

അപ്പോഴേക്കും അന്ത്രോസ്ബ്രദ റിന്റെ മൊബൈൽ ശബ്ദിച്ചു. അദ്ദേഹം ഫോൺ എടുത്തു.

"ഹലോ... ങാ...ഒവ്വുവ്വ്.. നന്നായി പ്രാർത്ഥിക്കുന്നുണ്ട്...ങാ... എന്ന്... ഹെന്ത്... വെള്ളിയാഴ്ചയോ? ....അതു പറ്റില്ല... ഒരിക്കലും ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിൽ ഓപ്പറേഷൻ ചെയ്യരുത്. ഡോക്ടറോട് പറയൂ... മറ്റൊരു ദിവസത്തേക്ക് മാറ്റാൻ... ശരി, ശരി... എന്തായാലും വെള്ളിയാഴ്ച മാറ്റിയേ പറ്റൂ... ഓകെ"

"ആർക്കാ ഓപ്പറേഷൻ അന്ത്രോ സ്ബ്രദറേ..." ഞാൻ ചോദിച്ചു.

"എന്റെ ജ്യേഷ്ഠന്റെ മോൾക്ക്... പ്രസവത്തിനായി അഡ്മിറ്റ് ചെയ്തി രിക്കയാണ്... സിസേറിയൻ വേണം."

"സിസേറിയൻ വെള്ളിയാഴ്ച നട ത്തിയാൽ എന്താ കുഴപ്പം അന്ത്രോ സങ്കിൾ?" ഇമ്മാനുവിന്റെ സംശയം.

"അയ്യയ്യോ! പാടില്ല പാടില്ല... ഓപ്പ റേഷൻ പോലുള്ള വലിയ കാര്യങ്ങ ളൊന്നും ചൊവ്വ, വെള്ളി എന്നീ ദിവ സങ്ങളിൽ നടത്താൻ പാടില്ല."

"അതെന്താ?" ഇമ്മാനു വിടാൻ ഭാവമില്ല.

"അത്... എന്തുകൊണ്ടാണെന്ന് ചോദിച്ചാൽ എനിക്കറിയില്ല. അങ്ങനെ എല്ലാരും പറയാറുണ്ട്. ചൊവ്വേം വെള്ളീം നല്ല ദിവസങ്ങളല്ലെന്ന്!"

ഇതു കേട്ട് ഇറ്റ്യാനംചേടത്തിയുടെ കണ്ട്രോൾ നഷ്ടപ്പെട്ടു. എന്നിട്ട് പൊട്ടി ത്തെറിച്ച മാതിരി പറഞ്ഞു:

"എന്റെ പൈൽസിനുള്ള ഓപ്പറേഷൻ വെള്ളിയാഴ്ചയായിരുന്നല്ലോ... എന്നിട്ട് എനിക്ക് യാതൊരു കൊഴപ്പുമില്ലല്ലോ..."

ഇറ്റ്യാനംചേടത്തിയുടെ സംസാരം കേട്ട് അന്ത്രോസ്ബ്രദറിനു ദേഷ്യം വന്നു.

"ഇറ്റ്യാനം, ഇത് പൈൽസ് അല്ല, കുഞ്ഞിനെ പുറത്തെടുക്കാനുള്ള ഓപ്പറേഷനാണ്. പിന്നെ, ഇറ്റ്യാനം പോലെയല്ല, എന്റെ ജ്യേഷ്ഠന്റെ മകൾ... മനസ്സിലായോ?"

ഇതു കേട്ട് ഇറ്റ്യാനംചേടത്തിയും വെറുതെയിരുന്നില്ല. "അന്ത്രോസേ, നീ വെറുതെ വാചകമടിക്കണ്ട.. ഇമ്മാനുവിന്റേത് അന്ധവിശ്വാസമാണെന്നു പറഞ്ഞ നീ, ഇപ്പൊ പറഞ്ഞത് അന്ധവിശ്വാസമല്ലേ?"

"ഇറ്റ്യാനം എന്നെ അന്ധവിശ്വാസം പഠിപ്പിക്കാൻ വരണ്ട. പ്രാർത്ഥിക്കുമ്പോൾ കിഴക്കോട്ട് നോക്കി പ്രാർത്ഥിച്ചാലേ പ്രാർത്ഥന സ്വീകരിക്കുകയുള്ളൂ എന്നു വിശ്വസിക്കുന്ന ഇറ്റ്യാനം ആണോ എന്നെ അന്ധവിശ്വാസം പഠിപ്പിക്കാൻ വരണത്?"

ഇമ്മാനു ഈ തർക്കമെല്ലാം കേട്ട് മൂക്കത്ത് കൈവച്ച് നിന്നുപോയി. അവൻ എന്നോടു ചോദിച്ചു: "അപ്പൊ ഇവിടെ ഒരുമാതിരി എല്ലാവരും അന്ധവിശ്വാസികളാണ്, അല്ലേ പപ്പാ?"

"അതെ, നീയും അതിൽ ഉൾപ്പെടും." ഞാൻ പറഞ്ഞു.


**www.reallifevoice.in**

1. **വിശ്വാസവും സ്നാനവും:** ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. **മഹാകവി കെ. വി. സൈമൺ**
3. **ഖുർആൻ:** ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
4. **തിരുവട്ടാർ കൃഷ്ണൻകുട്ടി:** പ്രസംഗപീഠത്തിലെ ബാലസിംഹം
5. **പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ**
6. **സത്യം തേടിയുള്ള അന്വേഷണം**
7. **ഓബദ്യാവ്** (പുസ്തകപഠനം)
8. **മൂലഭാഷകളുടെ സൗന്ദര്യം**
9. **ചിന്തകൾ പന്തങ്ങളാകുമ്പോൾ** (എന്റെ ഡയറിക്കുറിപ്പുകൾ)
10. **ഇമ്മാനുവിന്റെ സംശയങ്ങൾ**
11. **ചോദ്യവും ഉത്തരവും** (സംശയങ്ങൾക്കുള്ള മറുപടി)
12. **തലമുറകൾ**
13. **മൂപ്പൻ**
14. **കുടുംബജീവിതം**
15. **മീഖാ** (പുസ്തകപഠനം)
16. **സഭ** (സൺഡേസ്കൂൾ പാഠങ്ങൾ)

**എം. വി. സെബാസ്റ്റ്യൻ രചിച്ച ഈ പുസ്തകങ്ങളെല്ലാം നമ്മുടെ വെബ്സൈറ്റിൽ ലഭ്യമാണ്. വെബ്സൈറ്റ് സന്ദർശിക്കുക.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th April 2021

Posted at
Thrissur RMS

**ആനുകാലികം**

## കുറ്റവാളികളെ പിടിക്കുന്ന കുറ്റവാളികൾ!

കുറ്റവാളികളെ പിടിക്കാൻ ഇവിടെ പോലീസുണ്ട്. പക്ഷേ പോലീസിലെ പലരും പള്ളീലെ ചില അച്ചന്മാരെപ്പോലെയാണ്. കുമ്പസാരക്കൂട്ടിൽ ഇരുന്ന് പാപങ്ങൾ കേട്ട് രസിക്കുന്ന പല അച്ചന്മാരും കുമ്പസാരിക്കാൻ വരുന്ന പാപികളേക്കാൾ വലിയ പാപികളാണെന്നു വാർത്തകൾ തെളിയിക്കുന്നുണ്ടല്ലോ. അതുപോലെ കുറ്റവാളികളെ പിടിക്കാൻ നടക്കുന്ന പോലീസുകാരിൽ പലരും ക്രിമിനലുകളാണ് എന്നതാണ് തമാശ.

ഈ സാഹചര്യത്തിലാണ് ഹൈക്കോടതിയുടെ ഉത്തരവ് വരുന്നത്. ഇക്കാര്യം 2021 മാർച്ച് 30 ലെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തത് ഇപ്രകാരമാണ്: അഴിമതിയുടെയും മനുഷ്യാവകാശലംഘനങ്ങളുടെയും പേരിൽ കോടതി കുറ്റക്കാരെന്നു കണ്ടതോ സർവ്വീസിൽനിന്നു പിരിച്ചുവിട്ടതോ ആയ പോലീസുദ്യോഗസ്ഥരുടെ വിവരങ്ങൾ കേരളപോലീസിന്റെ വെബ്സൈറ്റിൽ ഒരു മാസത്തിനകം പ്രസിദ്ധപ്പെടുത്തണമെന്നു ഹൈക്കോടതി ഉത്തരവിട്ടു.

പോലീസിൽ സത്യസന്ധരും കർമ്മോത്സുകരുമായ ഉദ്യോഗസ്ഥർ ഉണ്ട് എന്നത് വാസ്തവമാണ്. പക്ഷേ അഴിമതിക്കാരും അനീതിയുള്ളവരും അക്രമവാസനയുള്ളവരുമാണ് ഭൂരിഭാഗവും എന്നു വേണം കരുതാൻ. ഇത്തരം പോലീസേമാന്മാർ മൂലം എത്രയോ നിരപരാധികളുടെ കണ്ണീരും ചോരയും ഇവിടെ വീണിരിക്കുന്നു. തലമുറകളിലേക്ക് ശാപം സമ്പാദിച്ചുകൂട്ടുന്ന പരിഷകൾ!

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V